**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ -ജീവനക്കാര്യം -ജൂനിയർ സൂപ്രണ്ട് -ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നമ്പർ ഇ.എസ്.2 -2807/2017/ആ.വ.ഡ., തീയതി 28/06/2017.
2. ശ്രീ. സുജാതൻ എ. യുടെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.ഡി1-9/2017/ആ.വ.ഡ, തീയതി 27/09/2017**

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. സുജാതൻ എ. യെ ടിയാന്റെ അപേക്ഷ പ്രകാരം വയനാട് ജില്ലാ മെഡിക്കൽ ഓഫീസിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവ് ആകുന്നു.

സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം. 299 ആയ ശ്രീ. അബ്ദുൾ ലത്തീഫ് പി. പി., ഹെഡ് ക്ലാർക്ക്, ജില്ലാ റ്റി. ബി. സെന്റർ കുതിരവട്ടം, കോഴിക്കോട് (ജനന തീയതി 31/05/1965) രൂപ 30700-65400 ശമ്പള സ്കെയിലിൽ റൂൾ 31(എ)(1) കെ.എസ് & എസ്.എസ്.ആർ പ്രകാരം താൽക്കാലികമായി ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീ. അബ്ദുൾ ലത്തീഫ് പി. പി. 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണത്തിൽ കാലം പൂർത്തീകരിക്കേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സി. എം. അജയമോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-28/09/2017